(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൂട്ടിക്കിടന്നിരുന്ന ഒൻപതു (9) വ്യവസായ സ്ഥാപനങ്ങളുടെ പേരു വിവരം അനുബന്ധമായി വച്ചിട്ടുണ്ട്.*

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമേഖലയിലുള്ള വ്യവസായസ്ഥാപനങ്ങൾ ഒന്നും പൂട്ടിയിട്ടില്ല. എന്നാൽ പഴകിദ്രവിച്ച യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ സാധ്യമല്ലാത്തതുമൂലം പുതിയ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പുനരുദ്ധാരണ നടപടികൾ എടുത്തു വരുന്നു. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് 14-11-2000 മുതൽ 3-12-2000 വരെ ലോക്കൗട്ടിൽ ആയിരുന്നു. ഇപ്പോൾ ഈ കമ്പനിയുടെ പ്രവർത്തനം സുഗമമായി നടന്നു വരുന്നു.

കശുവണ്ടി വ്യവസായം

11 (577) <u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധികളും വിഷമതകളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു പരിഹരിക്കുന്നതിന് എന്തു തുക ആവശ്യമായി വരും ; ആയതിലേയ്ക്കായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) കശുവണ്ടി വ്യവസായ വികസനത്തിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) കശുവണ്ടി വ്യവസായ വികസനത്തിനായി ഈ ഗവൺമെന്റ് എത്ര തുക ചെലവഴിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) നാടൻ തോട്ടണ്ടിയുടെ കുറവ്, കശുവണ്ടിപരിപ്പിന്റെ വിലക്കുറവ്, മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുടെ അഭാവം എന്നിവയാണ് ഈ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ.

(ബി & സി) ഗവൺമെന്റ് കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നിവയുമായി സഹകരിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നാടൻ തോട്ടണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കശുമാവുകൃഷി ചെയ്യുന്ന പദ്ധതി ഏറ്റെടുത്തു നടത്തി വരുന്നു. മേൽ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കോർപ്പറേഷന്റെയും കാപെക്സിന്റെയും ഫാക്ടറികൾ നവീകരിക്കുന്ന പദ്ധതി നടന്നു വരുന്നു. ഇതിനായി നടപ്പു സാമ്പത്തിക വർഷ ബഡ്ജറ്റിൽ കോർപ്പറേഷന് 550 ലക്ഷം രൂപയും കാപെക്സിന് 50 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. കോർപ്പറേഷൻ അതിന്റെ ഫാക്ടറികളിൽ കമ്പ്യൂട്ടറൈസ്ഡ് വെയിംഗ് മെഷിനും പാക്കിംഗ് മെഷിനും സ്ഥാപിക്കുന്ന പ്രവർത്തനം നടന്നു വരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷന്റെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 9.29 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി ക്രിട്ടിക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ബാലൻസ് പദ്ധതിയിൽപ്പെടുത്തി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. 335.16 ലക്ഷം രൂപ മുടക്കി കോർപ്പറേഷന്റെ ആഭിമുഖ്യത്തിലുള്ള ടാനിൽ ഫാക്ടറി നവീകരിക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതിനു 210.16 ലക്ഷം രൂപ കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു. കൂടാതെ 18.21 കോടി രൂപ കേന്ദ്ര സഹായമുൾപ്പെടെ 23.68 കോടി രൂപ പദ്ധതി ചെലവ് പ്രതീക്ഷിക്കുന്നു, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിനായുള്ള ഒരു യൂണിറ്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിനുള്ള പദ്ധതിയും സർക്കാർ പരിശോധിച്ചു വരുന്നു. കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികളും എടുത്തു വരുന്നു.

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കശുവണ്ടി വികസന കോർപ്പറേഷന് 142.495 കോടി രൂപയും കാപെക്സിന് 39.16 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ അനുവദിച്ചതിനു പുറമെ കശുവണ്ടി വികസന കോർപ്പറേഷന്റെ 152 കോടി രൂപയുടെ കടം ഓഹരിയായി മാറ്റുകയും പലിശതുകയായ 20 കോടിയിൽപരം രൂപ എഴുതിത്തള്ളുകയും ചെയ്തു. കോർപ്പറേഷനും കാപെക്സിനും പ്രവർത്തന മൂലധനം ബാങ്കുകളിൽ നിന്നും ലഭിക്കാൻ സർക്കാർ ഗ്യാരണ്ടി നൽകിയതുവഴി പരമാവധി തോട്ടണ്ടി വാങ്ങി കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ ടി സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

കെൽട്രോണിൽ നിന്നും സ്വയം പിരിഞ്ഞുപോയവർക്കുള്ള റിട്ടയർമെന്റ് ആനുകൂല്യം

12 (579) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോണിൽ നിന്നും 2000-ത്തിലും 2001-ൽ ഇതുവരെയും എത്ര പേർ വോളന്ററി റിട്ടയർമെന്റ് സ്കീം അനുസരിച്ച് പിരിഞ്ഞു പോയിട്ടുണ്ട് ;

(ബി) ഈ സ്കീമനുസരിച്ച് പിരിഞ്ഞു പോകുന്നവർക്ക് എത്ര ദിവസത്തിനുള്ളിലാണ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകേണ്ടതെന്ന് വ്യക്തമാക്കാമോ ;

(സി) അവർക്കുള്ള ആനുകൂല്യങ്ങൾ നൽകാൻ താമസം വന്നതിനു കാരണമെന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 623 പേരാണ് 2000-ത്തിൽ വോളന്ററി റിട്ടയർമെന്റ് സ്കീം അനുസരിച്ച് പിരിഞ്ഞുപോയത്. 2001-ൽ ആരും പിരിഞ്ഞു പോയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly